**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥ മൂലം വിദ്യാർത്ഥികൾ പഠനത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ അരക്ഷിതാവസ്ഥമൂലം വിദ്യാർത്ഥികൾ പഠനത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ഇപ്പോൾ വിദ്യാർത്ഥി കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. തുടർ പഠനത്തിനും, തൊഴിലിനും വേണ്ടി വിദ്യാർത്ഥികൾ ഇന്ത്യയിൽ നിന്നും വിദേശ രാജ്യങ്ങളിലേക്ക് കുടിയേറുന്നതായി വിവിധ റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും, സ്ഥാപനങ്ങളിലും പ്രകടമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്റ്റുഡൻറ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ കണ്ണൂർ സർവ്വകലാശാലാ വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി (Committee on Student Mobility and Expectations) രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്.<br><br>ഉന്നത വിദ്യാഭ്യാസ മേഖല കൂടുതൽ ആകർഷകമാക്കുന്നതിനും മറ്റ് രാജ്യങ്ങളി ലേക്കുള്ള കുട്ടികളുടെ കുടിയേറ്റം തടയുന്നതിനുമായി ചുവടെപ്പറയുന്ന വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:<br><br>1. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്.<br><br>2. സർവ്വകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE), ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ (TRC), ഇന്നവേ ഷൻ/ഇൻകുബേഷൻ/ സ്റ്റാർട്ട് അപ്പ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>3. ഗവേഷണത്തിന് പ്രോത്സാഹനമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ |

| | | | |
|---|---|---|---|
| | | | ഫെല്ലോഷിപ്പുകൾ നൽകുന്നു.<br><br>4. സർവ്വകലാശാലകളിലും കോളേജുകളിലും പുതുതലമുറ പ്രോഗ്രാമുകൾ അനുവദിച്ചിട്ടുണ്ട്.<br><br>5. സർവ്വകലാശാലകളിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായുള്ള ആധുനികവത്ക്ക രണം നടത്തിയിട്ടുണ്ട്.<br><br>6. കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവ്വകലാശാലകളിൽ ലബോറട്ടറികളും മറ്റ് അടിസ്ഥാന വികസന പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഡിഗ്രി സർട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ വ്യാജമായി ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടുണ്ടോ; എങ്കിൽ അതിനു കാരണക്കാരായവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. ജോലി, അഡ്മിഷൻ മുതലായ വയ്ക്കായി വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നവരുടെ പേരിൽ നിലവിലെ നിയമ പ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരക്കാരെ സ്ഥാപനത്തിൽ നിന്നും പുറത്താക്കുകയും ഇവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ